നം.എച്ച്1/27937/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി : 28.06.2018

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - സ്കൂൾ മാലിന്യനിർമ്മാർജ്ജനം ഉറപ്പാക്കുന്നതിൽ വിദ്യാഭ്യാസ ആഫീസർമാരുടെ ശ്രദ്ധ പതിയണമെന്ന നിർദ്ദേശം സംബന്ധിച്ച്.

സൂചന :- 1)ബഹു. ബാലാവകാശ സംരക്ഷണ കമ്മിഷന്റെ 31.01.2018 ലെ സി.ആർ.എം.പി. നം.2604/09/എൽ.എ2/2017/KeSCPCR എന്ന വിധിന്യായം.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ മുഖഛായ തന്നെ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാലയങ്ങളിൽ ഉണ്ടാവുന്ന മാലിന്യം സംസ്കരിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമായ കാര്യമാണ്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന ഒരു സംസ്കാരമാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സ്കൂളുകളിലെ ഉച്ചഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനെക്കുറിച്ച് ഈ കാര്യാലയത്തിലെ നൂൺമീൽ വിഭാഗത്തിൽ നിന്ന് 30.05.2017 ന് പുറപ്പെടുവിച്ച എൻ.എം.1/39000/2017/ഡി.പി.ഐ എന്ന സർക്കുലറിലെ പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങളിലെ ഖണ്ഡിക ii(19) ൽ വിശദമാക്കുന്നുണ്ട്. ആയതിൽ നൂൺ ഫീഡിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നിശ്ചിത ദൂരപരിധിയിൽ വേസ്റ്റ്ബിന്നുകൾ, വേസ്റ്റ് ഡിസ്പോസിബിൾ കുഴികൾ, മണ്ണിര കമ്പോസ്റ്റ് കുഴികൾ, ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആയതിനാൽ ഇക്കാര്യത്തിൽ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, നിലനിർത്തുന്നതിനുമായി വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശിക്കുന്ന വേളയിൽ വിവരങ്ങൾ ചോദിച്ചറിയേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. മാലിന്യമുക്തമായ ഒരു സ്കൂളന്തരീക്ഷം സൃഷ്ടിച്ചേ മതിയാകൂ. അത് കുട്ടികളുടെ ആരോഗ്യ

[P.T.O]

ത്തിനും മാനസിക ഉല്ലാസത്തിനും അനിവാര്യഘടകമാണ്. ആയതിനാൽ ഈ വിഷയത്തിൽ അതീവ ശ്രദ്ധ പുലർത്തണമെന്ന് പ്രധാനാധ്യാപകരെ നിരന്തരം ഓർമ്മപ്പെടുത്തണമെന്ന് അറിയിക്കുന്നു. അതോടൊപ്പം സ്കൂൾ സന്ദർശന വേളയിൽ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂളും പരിസരവും പ്രത്യേകം നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി